

ബാബ്‌ല കഥപറയുന്നു-6

# പർച്ചൂരേ ശാസ്ത്രി

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായിയുടെ മകൻ നാരായൺ ദേശായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്‌ലയായ നാരായൺ ദേശായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**

ബാപ്പുജിയുടെ അടുക്കൽ ഒരിക്കൽ എത്തുന്നവർ അദ്ദേഹത്തിന്റെ കാരുണ്യവും സ്നേഹവും എന്തെന്ന് അനുഭവിച്ചറിയുമായിരുന്നു. ഒരു നിമിഷത്തേക്കുപോലും അദ്ദേഹവുമായി സംസാരിക്കാൻ അവസരം ലഭിച്ചവർ ഇക്കാര്യം തുറന്നുപറഞ്ഞിട്ടുണ്ട്. മറ്റുള്ളവരുടെ ദുഃഖം സ്വന്തമായേറ്റെടുത്ത് അവയ്ക്ക് പരിഹാരം കണ്ടെത്തുക എന്നത് അദ്ദേഹത്തിന്റെ ഗുണങ്ങളിലൊന്നായിരുന്നു. ആ കാരുണ്യക്കടലിന് അന്തമില്ലായിരുന്നു. അത്തരമൊരു ദയാവായ്പിന്റെ കഥയാണ് ഇനി പറയാൻ പോകുന്നത്.



1936 കാലത്ത് ഇന്ത്യയിലെ വൈസ്രോയിയുമായി ചർച്ച നടത്താൻ ഗാന്ധജിയുടെ സംഘവും സിംലയിലേക്ക് പുറപ്പെട്ടു. രണ്ടാംലോകയുദ്ധത്തിൽ ഇന്ത്യ ആരുടെ ഭാഗത്തായിരിക്കണം എന്നതിനെക്കുറിച്ചായിരുന്നു ചർച്ച. ഇതേക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വലുതാകുമ്പോൾ നിങ്ങൾ ചരിത്രപുസ്തകത്തിൽ നിന്നും പഠിക്കുക. ഞങ്ങളെല്ലാവരും ആകാംക്ഷാഭരിതരായി. സിംല കാണാനുള്ള അവസരം ആരാണ് കളയുക. ബ്രിട്ടീഷുകാരുടെ സമയത്ത് വേനൽ കാലത്ത് ഇന്ത്യയുടെ തലസ്ഥാനം ദൽഹിയിൽ നിന്നും സിംലയിലേക്ക് മാറുമായിരുന്നു. ദൽഹിയിലെ ഉയർന്ന ചൂടിൽ നിന്ന് രക്ഷപ്പെടുന്നതിനായിരുന്നു ഇത്. ഗാന്ധിജിയുടെ കെട്ടും മാറാപ്പും തയ്യാറാക്കുന്ന ജോലികൾ ഞങ്ങളുടേതായിരുന്നു. സിംലയിലെ ചർച്ചകൾക്കിടയിൽ ഒരാഴ്ചത്തെ അവധികിട്ടി. ഒരാഴ്ചകഴിഞ്ഞ് വീണ്ടും ചർച്ചകൾ തുടരണം. ഈയൊരാഴ്ച സിംലയിലെ പ്രകൃതിഭംഗികൾ ആസ്വദിക്കാനെന്ന ചിന്ത ഞങ്ങളെ ഉത്സാഹഭരിതരാക്കി. എന്നാൽ ഞങ്ങളുടെ ഉത്സാഹത്തെ കൊടുത്തിക്കളഞ്ഞുകൊണ്ട് ബാപ്പുവിന്റെ പ്രഖ്യാപനം വന്നു: 'കെട്ടും ഭാണ്ഡങ്ങളും തയ്യാറാക്കുക, ഉടൻ മടങ്ങിപ്പോകണം.' ഇന്നത്തെപ്പോലെ എളുപ്പമായിരുന്നില്ല യാത്ര. വാർധയിൽ ചെന്നാൽ തന്നെ അവിടെ രണ്ടു ദിവസം മാത്രമേ ലഭിക്കുകയുള്ളു. എന്റെ അച്ഛൻ ബാപ്പുവിനോട് പറഞ്ഞു: 'പക്ഷേ ബാപ്പു, നമുക്കിവിടെ നിന്നും രണ്ടു ദിവസത്തിനുള്ളിൽ തന്നെ തിരിക്കേണ്ടതല്ലേ? അത്രയ്ക്ക് ഗൗരവമേറിയ എന്താണവിടെയുള്ളത്?'

'പർച്ചൂരേ ശാസ്ത്രിയെ ശുശ്രൂഷിക്കേണ്ടതല്ലേ?' എന്നായി ബാപ്പുവിന്റെ മറുപടി. പർച്ചൂരേ ശാസ്ത്രി ഒരു കുഷ്ഠരോഗിയായിരുന്നു. ഈ കഥയെക്കുറിച്ചറിയണമെങ്കിൽ കുറച്ചുകൂടി പിറകോട്ടു സഞ്ചരിക്കണം. പർച്ചൂരേ ശാസ്ത്രി മഹാനായൊരു സംസ്കൃതപണ്ഡിതനായിരുന്നു. സബർമതി ആശ്രമത്തിൽ കുറച്ചുകാലം താമസിച്ചിരുന്നു. കുടുംബകാര്യങ്ങൾ നോക്കാനായി വീട്ടിൽ തന്നെ നിൽക്കേണ്ടിവന്നു. പിന്നീട് കുറേക്കാലം കഴിഞ്ഞ് ഒരു നാൾ ആശ്രമത്തിന് വെളിയിൽ ഒരാൾ നിൽക്കുന്നതായി ഒരു ആശ്രമവാസി ഗാന്ധിജിയെ അറിയിച്ചു. പുറത്തിറങ്ങിനോക്കിയ ബാപ്പു 'ഇതു നമ്മുടെ പർച്ചൂരേ ശാസ്ത്രിയല്ലേ' എന്ന് പറഞ്ഞ് അദ്ദേഹത്തെ ആശ്ലേഷിച്ചു. പർച്ചൂരേ ശാസ്ത്രി കുഷ്ഠരോഗിയായി മാറിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സമുദായം അദ്ദേഹത്തെ കൈയ്യൊഴിഞ്ഞിരുന്നു. കുഷ്ഠരോഗത്തെ വളരെ മാരകമായ ഒന്നായിട്ടാണ് അന്ന് ആളുകൾ കണ്ടിരുന്നത്. അത്തരം രോഗികളോട് അറപ്പോടും വെറുപ്പോടും കൂടിയാണ് ആളുകൾ ഇടപെട്ടിരുന്നത്. കുഷ്ഠരോഗികളെ ജീവനോടെ കടലിൽ തള്ളുന്ന സമ്പ്രദായങ്ങളും അക്കാലത്ത് സൗരാഷ്ട്രയിലും മറ്റും ഉണ്ടായിരുന്നു.അത്തരമൊരു സാഹചര്യത്തിലാണ് പർച്ചൂരേ ശാസ്ത്രി സേവാഗ്രാമിലെത്തുന്നത്. ശാസ്ത്രി പറഞ്ഞു: 'രോഗം കലശലായിരിക്കുകയാണ്. വീട്ടുകാരും നാട്ടുകാരും കൈയ്യൊഴിഞ്ഞു. അന്ത്യനാളുകളിൽ അങ്ങയുടെ തണലിൽ കഴിയാനും ഈ ആശ്രമത്തിൽ കിടന്ന് മരിക്കാനും ഏള്ള അനുവാദം നൽകണം.' ബാപ്പുജി പറഞ്ഞു: 'രണ്ട് ആവശ്യങ്ങളാണ് താങ്കൾ ഉന്നയിച്ചിരിക്കുന്നത്. അതിലൊന്ന് എനിക്ക് സ്വീകാര്യമാണ്. മറ്റേത് അല്ലതാനും. ആശ്രമത്തിൽ താമസിക്കുക എന്നത് അനുവദിച്ചിരിക്കുന്നു. താങ്കളെ മരിക്കാൻ അനുവദിക്കുകയില്ല.'അങ്ങനെ കുഷ്ഠരോഗിയായ പർച്ചൂരേ ശാസ്ത്രിക്കായി ബാപ്പുവിന്റെ കുടിലിനടുത്തായി മറ്റൊരു കുടിൽ നിർമ്മിച്ചു. അദ്ദേഹത്തിന്റെ വ്രണങ്ങളും മറ്റും കഴുകി വൃത്തിയാക്കുന്ന ജോലി ഗാന്ധിജി സ്വയം ഏറ്റെടുത്തു. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ താമസിക്കുന്ന കാലത്തും ഇത്തരം പരിചരണങ്ങൾ നടത്തിപ്പോന്നിരുന്നു. ഡോക്ടർ ആകുക എന്നത് ബാപ്പുവിന്റെ ബാല്യകാലമോഹങ്ങളായിരുന്നു താനും. അങ്ങനെയുള്ള പർച്ചൂരേ ശാസ്ത്രിയുടെ ശുശ്രൂഷക്ക് വേണ്ടിയാണ് രണ്ട് ദിവസത്തേക്കെങ്കിലും എത്തിപ്പെടാൻ ഗാന്ധിജി തയ്യാറായത്. രാജ്യത്തിന്റെ ഏറ്റവും മഹത്തരമായ പ്രശ്നങ്ങൾ വൈസ്രോയിയുമായി ചർച്ച ചെയ്യുന്നതും ഒരു കുഷ്ഠരോഗിയുടെ പരിചരണവും മഹാത്മജിയെ സംബന്ധിച്ചിടത്തോളം സമാനഗൗരവമുള്ളതായിരുന്നു. പരജീവിസ്നേഹം മാത്രമാണ് ഈശ്വരസാക്ഷാത്കാരത്തിനുള്ള വഴിയെന്ന് ബാപ്പു ഉറച്ചുവിശ്വസിച്ചിരുന്നു. *(തുടരും)*